**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1223** **02-02-2026 - ൽ മറുപടിയ്ക്ക്**

**യുനസ്കോ സാംസ്കാരിക നഗരമായി പ്രഖ്യാപിച്ച കോഴിക്കോടിന്റെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അഹമ്മദ് ദേവർകോവിൽ** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കോഴിക്കോടിനെ ഇന്ത്യയിലെ ആദ്യത്തെ സാംസ്കാരിക നഗരമായി യുനസ്കോ പ്രഖ്യാപിച്ചതിന് അനുബന്ധമായി ഈ മേഖലയുടെ വികസനത്തിന് നടപ്പാക്കിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | 2023 ലാണ് കോഴിക്കോട് നഗരത്തിന് യുനെസ്കോയുടെ സാഹിത്യ നഗരം പദവി ലഭ്യമായിട്ടുള്ളത്. ആയതിനെതുടർന്ന് യുനെസ്കോയുടെ നിർദ്ദേശാനുസരണം സാഹിത്യ സാംസ്കാരിക രംഗത്ത് സുസ്ഥിര വികസന നേട്ടം എന്ന ലക്ഷ്യം മുൻനിർത്തി കൊണ്ടുള്ള വിവിധങ്ങളായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. യുനെസ്കോ സിറ്റീസ് ഓഫ് നെറ്റ്‌വർക്കിൽ ഉൾപ്പെട്ട മറ്റ സാഹിത്യ നഗരങ്ങളുടെ പ്രോഗ്രാമുകളിൽ ഇവിടുത്തെ എഴുത്തുകാർക്ക് പങ്കെടുത്ത സംസ്കാരങ്ങൾ പരസ്പരം കൈമാറുന്നതിന് അവസരം ഒരുക്കിയിട്ടുണ്ട്. പരമ്പരാഗത കലകളെയും നാടൻകലകളെയും പ്രോത്സാഹിപ്പിക്കുന്നതിനായി ഫോക് ഫെസ്റ്റിവലും സിനിമ കലാസ്വാദകർക്കായി ഒരു ഫിലിം ഫെസ്റ്റിവലും 2024 ൽ നടത്തിയിട്ടുണ്ട്. സാഹിത്യ സാംസ്കാരിക രംഗത്ത് കോഴിക്കോട് സാഹിത്യ നഗരവുമായി ചേർന്ന് പ്രവർത്തിക്കുന്നതിന് താല്പര്യമുള്ള സ്ഥാപനങ്ങളുമായി എഗ്രിമെന്റ് ഒപ്പ് വെക്കുന്ന സിഗ്നേച്ചർ സെറിമണി എന്ന പ്രോഗ്രാം നടത്തിയിട്ടുണ്ട്. കരാറിൽ ഉൾപ്പെട്ട സ്ഥാപനങ്ങളുമായി ചേർന്ന് വിവിധങ്ങളായ സാഹിത്യ പരിപാടികൾ സംഘടിപ്പിച്ച് വരികയാണ്.<br><br>ലൈബ്രറികളിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് വേണ്ടി സംസ്ഥാനത്തെ ലൈബ്രറി കൗൺസിലിൽ അംഗത്വമുള്ള കോഴിക്കോട് നഗരത്തിൽ ഉൾപ്പെടുന്ന ലൈബ്രറികൾക്ക് ആവശ്യമായ ഫർണിച്ചറുകളും ബുക്ക് ഷെൽഫുകളും നൽകുന്നതിന് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. നിലവിൽ 50 ലൈബ്രറികൾക്ക് ഈ പദ്ധതി പ്രകാരം ഫർണിച്ചറുകളും ബുക്ക് ഷെൽഫുകളും വാങ്ങി നൽകിയിട്ടുണ്ട്. സാഹിത്യ സാംസ്കാരിക കലാ മേഖലകളിലെ അഭിരുചികൾ നമ്മുടെ സമ്പദ് വ്യവസ്ഥക്ക് ഗുണകരമാകുന്ന |

| | | | |
|---|---|---|---|
| | | | രീതിയിൽ മാറ്റിയെടുക്കാനുതകുന്ന വിധത്തിൽ ഈ മേഖലകളിൽ സുസ്ഥിര വികസനം ലക്ഷ്യമാക്കി ക്രിയേറ്റീവ് എക്കോണമി ഫെസ്റ്റിവൽ നടത്തുകയുണ്ടായി. ഈ പദ്ധതികൾ എല്ലാം കോഴിക്കോടിന്റെ സാഹിത്യ രംഗത്ത് വികസനം കൊണ്ടുവരാനുതകുന്ന രീതിയിൽ ഉള്ളതാണ്. |
| (ബി) | മാനാഞ്ചിറ മൈതാനവും പബ്ലിക് ലൈബ്രറിയും ചേർന്നൊരു സാഹിത്യ ഇടനാഴി എന്ന പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ടോ; വിശദമാക്കാമോ? | (ബി) | മാനാഞ്ചിറ മൈതാനവും പബ്ലിക് ലൈബ്രറിയും ചേർന്നുള്ള ഒരു സാഹിത്യ ഇടനാഴി രൂപീകരിക്കുന്നതിന് ചർച്ചകൾ നടന്നിട്ടുണ്ടെങ്കിലും ഇതുമായി നിലവിൽ പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ